

VISHWA SAMVADA KENDRAM KERALA
സർസംഘചാലക്
കേരളത്തിൽ
മാധ്യമങ്ങളിലൂടെ..



## ഡോ. മോഹൻ ഭാഗവത് ഇന്നു കേരളത്തിൽ

കൊച്ചി: നാലു ദിവസത്തെ സന്ദർശനത്തിനായി ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് ഇന്ന് കേരളത്തിലെത്തും. സംഘടനാപരമായ പരിപാടികളിൽ പങ്കെടുക്കാനാണ് അദ്ദേഹം എത്തുന്നത്.

ഇന്ന് ഉച്ചയോടെ തിരുവനന്തപുരത്ത് എത്തുന്ന മോഹൻ ഭഗവത് കൊല്ലം വള്ളിക്കാവിൽ മാതാ അമൃതാനന്ദമയി ദേവിയെ സന്ദർശിക്കും. തുടർന്ന് എറണാകുളം ആർഎസ്എസ് സംസ്ഥാന കാര്യാലയത്തിലെത്തും. 16, 17, 18 തീയതികളിൽ തൃശൂർ ജില്ലയിൽ വിവിധ പരിപാടികളിൽ പങ്കെടുക്കും. നാളെ രാവിലെ എട്ടിന് തൃശൂർ ശങ്കരമഠത്തിലേക്ക് പോകും. സമുഹത്തിലെ വ്യത്യസ്ത മേഖലകളിലെ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തും.

18ന് രാവിലെ മുതൽ ഗുരുവായൂർ രാധേയം ആഡിറ്റോറിയത്തിൽ ചേരുന്ന ആർഎസ്എസ് ബൈഠക്കിൽ പങ്കെടുക്കും. വൈകിട്ട് 5ന് ഗുരുവായൂർ ശ്രീകൃഷ്ണകോളജ് ഗ്രൗണ്ടിൽ ഗുരുവായൂർ സംഘ ജില്ലയിലെ പൂർണ ഗണവേഷധാരികളായ പ്രവർത്തകരുടെ സാംഘിക്കിൽ സംസാരിക്കും.

കേരള കൗമുദി
Epaper 15 Sep 2022

## ആർ.എസ്.എസ് സർസംഘചാലക് ഇന്ന് കേരളത്തിൽ

കൊച്ചി: നാല്വ ദിവസത്തെ സന്ദർശനത്തിനായി ആർ.എസ്.എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് ഇന്ന് കേരളത്തിലെത്തും. ഇന്ന് ഉച്ചയോടെ തിരുവനന്തപുരത്ത് എത്തുന്ന അദ്ദേഹം കൊല്ലം വള്ളിക്കാവിൽ മാതാ അമൃതാനന്ദമയിയെ സന്ദർശിക്കും. കൊച്ചിയിലെ ആർ.എസ്.എസ് പ്രാന്തകാര്യാലയത്തിലെത്തിയ ശേഷം നാളെ മുതൽ 18 വരെ തൃശ്ശൂർ ജില്ലയിൽ വിവിധപരിപാടികളിൽ പങ്കെടുക്കും. നാളെ രാവിലെ എട്ടിന് തൃശ്ശൂർ ശങ്കരമഠത്തിലേക്ക് പോകും. സമൂഹത്തിലെ വ്യത്യസ്ത മേഖലകളിലെ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തും. 18ന് രാവിലെ മുതൽ ഗുരുവായൂർ രാധേയം ഓഡിറ്റോറിയത്തിൽ ചേരുന്ന ആർ.എസ്.എസ് ബൈഠക്കിൽ പങ്കെടുക്കും.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper

## മോഹൻ ഭാഗവത് ഇന്ന് മാതാ അമൃതാനന്ദമയിയെ സന്ദർശിക്കും

കൊല്ലം ● ആർഎസ്എസ് സർസംഘ ചാലക് ഡോ. മോഹൻ ഭാഗവത് ഇന്നു വൈകിട്ട് അമൃതപുരിയിൽ മാതാ അമൃതാനന്ദമയിയെ സന്ദർശിക്കും.

നാളെ മുതൽ 18 വരെ തൃശൂരിൽ വിവിധ പരിപാടികളിൽ പങ്കെടുക്കാനെത്തുന്ന അദ്ദേഹം തിരുവനന്തപുരത്തു നിന്നാണു വള്ളിക്കാവിലെത്തുക.

മനോരമ15.09.2022



> നാലുദിവസത്തെ കേരള സന്ദർശനത്തിനെത്തിയ ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് തിരുവനന്തപുരം വിമാനത്താവളത്തിലെത്തിയപ്പോൾ
അനിൽഗോപി

## ഡോ. മോഹൻ ഭാഗവത് ഇന്നെത്തും



**കൊച്ചി:** നാലു ദിവസത്തെ സന്ദർശനത്തിന് ആർഎസ്എസ് സർസംഘചാലക് ഡോ.മോഹൻ ഭാഗവത് ഇന്ന് കേരളത്തിലെത്തും. സംഘടനാപരിപാടികളിൽ പങ്കെടുക്കുന്നതിനാണ് മോഹൻ ഭാഗവത് കേരളത്തിലെത്തുന്നത്. ഇന്ന് ഉച്ചയോടെ തിരുവനന്തപുരത്ത് എത്തുന്ന അദ്ദേഹം കൊല്ലം അമൃതപുരിയിലെത്തി മാതാ അമൃതാനന്ദമയീദേവിയെ സന്ദർശിക്കും. ഇന്ന് രാത്രി ആർഎസ്എസ് പ്രാന്ത കാര്യാലയത്തിലെത്തുന്ന സർസംഘചാലക് നാളെ രാവിലെ എട്ടിന് തൃശ്ശൂർ ശങ്കരമഠത്തിലേക്ക് പോകും. 16, 17, 18 തീയതികളിൽ തൃശൂർ ജില്ലയിൽ വിവിധപരിപാടികളിൽ പങ്കെടുക്കും. വ്യത്യസ്ത മേഖലകളിലെ പ്രമുഖരുമായി കൂടിക്കാഴ്ച നടത്തും. 18ന് രാവിലെ മുതൽ ഗുരുവായൂർ രാധേയം ഓഡിറ്റോറിയത്തിൽ ചേരുന്ന ആർഎസ്എസ് ബൈഠക്കിൽ പങ്കെടുക്കും. വൈകിട്ട് 5ന് ഗുരുവായൂർ ശ്രീകൃഷ്ണകോളജ് ഗ്രൗണ്ടിൽ ഗുരുവായൂർ സംഘജില്ലയിലെ പൂർണഗണവേഷധാരികളായ പ്രവർത്തകരുടെ സാംഘിക്കിൽ സംസാരിക്കും.



ആർഎസ്എസ് സർസംഘ ചാലക് ഡോ.മോഹൻ ഭാഗവത് കരുനാഗപ്പള്ളി അമൃതപുരിയിലെ മാതാ അമൃതാനന്ദമയി മഠത്തിലെത്തി മാതാ അമൃതാനന്ദമയിയുമായി കൂടിക്കാഴ്ച നടത്തുന്നു.

## മോഹൻ ഭാഗവത് മാതാ അമൃതാനന്ദമയിയെ സന്ദർശിച്ചു

കൊല്ലം / കൊച്ചി ● ആർഎസ്എസ് സർസംഘ ചാലക് ഡോ.മോഹൻ ഭാഗവത് മാതാ അമൃതാനന്ദമയിയെ സന്ദർശിച്ചു. നാലു ദിവസത്തെ കേരള സന്ദർശനത്തിനെത്തിയ അദ്ദേഹം ഇന്നലെ വൈകിട്ടാണ് അമൃതപുരിയിലെ മാതാ അമൃതാനന്ദമയി മഠത്തിലെത്തിയത്.

മഠത്തിലെ മുതിർന്ന സ്വാമിമാരുടെ നേതൃത്വത്തിൽ അദ്ദേഹത്തെ സ്വീകരിച്ചു. തുടർന്ന് മാതാ അമൃതാനന്ദമയിയുമായി 2 മണിക്കൂറോളം കൂടിക്കാഴ്ച നടത്തി. വൈകിട്ട് 6 മണിയോടെ ആശ്രമത്തിൽ നിന്നു മടങ്ങി.

ആർഎസ്എസ് ദക്ഷിണ ക്ഷേത്രീയ പ്രചാരക് എ.സെന്തിൽകുമാർ, പ്രാന്ത കാര്യവാഹക് പി.എൻ.ഈശ്വരൻ, ക്ഷേത്രീയ സേവാ പ്രമുഖ് കെ.പത്മകുമാർ, പ്രാന്ത പ്രചാരക് എസ്.സുദർശനൻ, ക്ഷേത്രീയ വിശേഷ സമ്പർക്ക പ്രമുഖ് എ.ജയകുമാർ തുടങ്ങിയവരും ഡോ.മോഹൻ ഭാഗവതിനൊപ്പം ഉണ്ടായിരുന്നു.

ഇന്നലെ രാത്രി അദ്ദേഹം കൊച്ചി എളമക്കരയിൽ ആർഎസ്എസ് സംസ്ഥാന കാര്യാലയത്തിലെത്തി. ഇന്നു രാവിലെ 8നു തൃശൂർ ശങ്കരമഠത്തിലേക്കു പോകും. 18നു രാവിലെ ഗുരുവായൂർ രാധേയം ഓഡിറ്റോറിയത്തിൽ നടക്കുന്ന ആർഎസ്എസ് ബൈഠക്കിൽ പങ്കെടുക്കും. അന്നു വൈകിട്ട് 5നു ഗുരുവായൂർ ശ്രീകൃഷ്ണ കോളജ് ഗ്രൗണ്ടിൽ ഗുരുവായൂർ മേഖലയിലെ ആർഎസ്എസ് പ്രവർത്തക സംഗമത്തിൽ പ്രസംഗിക്കും.

മനോരമ16.09.2022

കേരളകൗമുദി

Epaper 16 Sep 2022



മാതാ അമൃതാനന്ദമയിയുമായി മോഹൻ ഭാഗവത് കൂടിക്കാഴ്ച നടത്തുന്നു

## മോഹൻ ഭാഗവത് അമൃതാനന്ദമയിയെ സന്ദർശിച്ചു

കൊല്ലം: ആർ.എസ്.എസ് സർസംഘചാലക് ഡോ.മോഹൻ ഭാഗവത് മാതാ അമൃതാനന്ദമയിയെ സന്ദർശിച്ചു. ഇന്നലെ വൈകിട്ടോടെ കൊല്ലം അമൃതപുരിയിലെ മാതാ അമൃതാനന്ദമയി മഠത്തിലെത്തിയ അദ്ദേഹത്തെ മുതിർന്ന സ്വാമിമാരുടെ നേതൃത്വത്തിൽ സ്വീകരിക്കുകയായിരുന്നു. തുടർന്ന് അമ്മയെ ദർശിച്ച് അനുഗ്രഹം വാങ്ങിയ ഡോ.മോഹൻ ഭാഗവത് രണ്ട് മണിക്കൂറോളം കൂടിക്കാഴ്ച നടത്തി. ആർ.എസ്.എസ് ദക്ഷിണ ക്ഷേത്രീയ പ്രചാരക് എ.സെന്തിൽകുമാർ, പ്രാന്ത കാര്യവാഹക് പി.എൻ. ഈശ്വരൻ, ക്ഷേത്രീയ സേവാപ്രമുഖ് കെ.പത്മകുമാർ, പ്രാന്തപ്രചാരക് എസ്.സുദർശൻ, ക്ഷേത്രീയ വിശേഷ സമ്പർക്ക പ്രമുഖ് എ. ജയകുമാർ എന്നിവരും ഭാഗവതിനൊപ്പമുണ്ടായിരുന്നു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper



## അമ്മ എന്നും പ്രചോദനം: ഡോ. മോഹൻ ഭാഗവത്

മെട്രോ വാർത്ത

## സംസ്ഥാനത്തെ പ്രവർത്തനം വിലയിരുത്തി മോഹൻ ഭാഗവത്

പരിവാർ സംഘടനാ നേതാക്കളുമായും കൂടിക്കാഴ്ച





### ആർ. ഹരിയെയും എം.എ. കൃഷ്ണനെയും സന്ദർശിച്ചു



ആശ്രമത്തിലെ തെക്കേമഠം, നടുവിൽ മഠം, വടക്കേ മഠം എന്നിവ സന്ദർശിച്ച സർസംഘചാലക് ഡോ. മോഹൻ ഭാഗവത് മൂപ്പിൽ സ്വാമിയാർ വാസുദേവാനന്ദ ബ്രഹ്മാനന്ദ ഭൂതി, ഇളമുറ സ്വാമിയാർ നരസിംഹാനന്ദ ബ്രഹ്മാനന്ദ ഭൂതി, നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ നീലകണ്ഠ ഭാരതികൾ എന്നിവർക്കൊപ്പം. പ്രാന്തകാര്യവാഹ് പി.എൻ. ഈശ്വരൻ, പ്രാന്ത പ്രചാരക് എസ്. സുദർശൻ തുടങ്ങിയവർ സമീപം.

# സനാതനമായ വിജ്ഞാന നിധി സംരക്ഷിക്കപ്പെടുന്നതിൽ സന്തോഷം: സർസംഘചാലക്

തൃശൂർ: ഭാരതത്തിന്റെ സനാതനമായ വിജ്ഞാന നിധി പുരാതനകാലം മുതൽ സംരക്ഷിക്കപ്പെടുന്നത് നേരിട്ട് കാണാനായതിൽ സന്തോഷമുണ്ടെന്ന് ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത്. ശങ്കരാചാര്യ ശിഷ്യന്മാർ സ്ഥാപിച്ച തൃശൂരിലെ തെക്കേ മഠം, നടുവിൽ മഠം, വടക്കേ മഠം എന്നിവ സന്ദർശിച്ച ശേഷം തെക്കേമഠത്തിന്റെ സന്ദർശന ഡയറിയിൽ അദ്ദേഹം കുറിച്ചു. ഈ പാരമ്പര്യത്തിന്റെ സംരക്ഷണത്തിനായി സമൂഹത്തിന്റെ സഹകരണം അനിവാര്യമാണെന്നും അദ്ദേഹം വ്യക്തമാക്കി.

പൂർണകുംഭത്തോടും വേദാലാപനത്തോടും കൂടിയാണ് സർസംഘചാലകിനെ സ്വീകരിച്ചത്. വേദവിദ്യാർത്ഥികളുടെ വേദാലാപനം കേട്ടശേഷം തെക്കേ മഠത്തിൽ സംന്യാസി ശ്രേഷ്ഠരെ കണ്ട് സംസാരിച്ചു. തെക്കേമഠം മൂപ്പിൽ സ്വാമിയാർ വാസുദേവാനന്ദ ബ്രഹ്മാനന്ദ ഭൂതി, ഇളമുറ സ്വാമിയാർ നരസിംഹാനന്ദ ബ്രഹ്മാനന്ദ ഭൂതി, നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ നീലകണ്ഠ ഭാരതികൾ, ബ്രഹ്മസ്വം മഠം പ്രസിഡന്റ് അഡ്വ. പി. പരമേശ്വരൻ, സെക്രട്ടറി മുല്ലമംഗലം നാരായണൻ, കമ്മിറ്റി അംഗങ്ങളായ വടക്കുമ്പാട് പരമേശ്വരൻ, മുണ്ടക്കൽ സുനിൽ, പ്രധാനാധ്യാപകൻ വടക്കുമ്പാട് പശുപതി നമ്പൂതിരി, തെക്കേ മഠം മാനേജർ വടക്കുമ്പാട് നാരായണൻ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു. ആർഎസ്എസ് പ്രാന്ത സംഘചാലക് അഡ്വ. കെ.കെ. ബാലറാം, കാര്യവാഹ് പി.എൻ. ഈശ്വരൻ, പ്രചാരക് എസ്. സുദർശൻ തുടങ്ങിയവരും സർസംഘചാലകിനൊപ്പമുണ്ടായിരുന്നു.

ഇന്നലെ രാത്രി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തൃശൂരിലെത്തി സർസംഘചാലകിനെ സന്ദർശിച്ചു. ഇന്ന് വൈകിട്ട് ഗുരുവായൂർ ശ്രീകൃഷ്ണ കോളജ് ഗ്രൗണ്ടിൽ നടക്കുന്ന ഗണവേഷ് സാംഘിക്കിൽ സർസംഘചാലക് സംസാരിക്കും.



നാലു ദിവസത്തെ കേരള സന്ദർശനത്തിനെത്തിയ ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് എറണാകുളം എളമക്കര പ്രാന്ത കാര്യാലയത്തിൽ മുതിർന്ന പ്രചാരകൻ ആർ. ഹരിയെ സന്ദർശിക്കുന്നു

ഹരിയേട്ടനെയും എം.എ. സാറിനെയും സന്ദർശിച്ചു

# കുശലം ചോദിച്ച്, സുഖ വിവരങ്ങൾ ആരാഞ്ഞ് സർസംഘചാലക്

കൊച്ചി: എന്നും കുറച്ചു നടക്കണമെന്ന് സർസംഘചാലക്. ദിവസവും ശാഖയിൽ പോകുന്നുണ്ടെന്ന് എം.എ. സാർ... ജ്ഞാനേശ്വരിയെക്കുറിച്ചു തയ്യാറാക്കിയ ഇംഗ്ലീഷ് പുസ്തകം അവതാരികയ്ക്കു സമർപ്പിച്ച് ഹരിയേട്ടൻ... നാലു ദിവസത്തെ കേരള സന്ദർശനത്തിനെത്തിയ ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് പ്രാന്തകാര്യാലയമായ എളമക്കര മാധവ നിവാസിലെത്തിയപ്പോഴാണ് മുതിർന്ന പ്രചാരകന്മാരായ ആർ. ഹരി, എം.എ. കൃഷ്ണൻ എന്നിവരെ കണ്ടത്. കുശലം ചോദിച്ച് സുഖ വിവരങ്ങൾ തിരക്കി മുതിർന്ന പ്രചാരകന്മാരെയും പ്രവർത്തകരെയും കണ്ട് അദ്ദേഹം ഇന്നലെ സംഘടനാ പരിപാടികളിൽ പങ്കെടുക്കാൻ തൃശ്ശൂരിലേക്കു പോയി.

കഴിഞ്ഞ ദിവസം കൊല്ലം വള്ളിക്കാവ് അമൃതപുരി ആശ്രമത്തിലെത്തി മാതാ അമൃതാനന്ദമയി ദേവിയെ കണ്ടതിനു ശേഷം രാത്രിയോടെയാണ് പ്രാന്തകാര്യാലയത്തിലെത്തിയത്. ഹരിയേട്ടനുമായി അര മണിക്കൂറോളം സംസാരിച്ചു. കുറച്ചു ദിവസമായി ആരോഗ്യപ്രശ്നങ്ങൾ അലട്ടിയിരുന്ന ആർ. ഹരി ഈ അസുഖകാലത്തിനിടെ എഴുതിത്തീർത്ത 'Thoughts on Jnaneswari: The Maiden Translation of Gita' അവതാരിക എഴുതുന്നതിനു സർസംഘചാലകിനു കൈമാറി. ശ്രീമദ് ഭഗവദ് ഗീതയുടെ ആദ്യ വിവർത്തനമായ ജ്ഞാനേശ്വരിയെക്കുറിച്ചുള്ള ചിന്തകൾ 13 അധ്യായങ്ങളിലായി ക്രമപ്പെടുത്തിയിരിക്കുന്ന പുസ്തകമാണിത്.

തുടർന്ന് മുതിർന്ന പ്രവർത്തകരായ ടി.ആർ. സോമശേഖരൻ, കെ.ആർ. ഉമാകാന്തൻ, കെ. പുരുഷോത്തമൻ തുടങ്ങിയവരുമായി കുശലാന്വേഷണം നടത്തി. ആർഎസ്എസ് ക്ഷേത്രീയ പ്രചാരക് എ. സെന്തിൽ കുമാർ, സഹകാര്യവാഹ് എം. രാധാകൃഷ്ണൻ, വിശേഷ സമ്പർക്ക പ്രമുഖ് എ. ജയകുമാർ, സീമ ജാഗരൺ മഞ്ച് ദേശീയ സംയോജകൻ എ. ഗോപാലകൃഷ്ണൻ, പ്രാന്ത പ്രചാരക് എസ്. സുദർശനൻ എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

നാളെ പുലർച്ചെ ഗുരുവായൂർ ക്ഷേത്ര ദർശനം നടത്തുന്ന സർസംഘചാലക് രാവിലെ 10നു മാധവം ഓഡിറ്റോറിയത്തിൽ ആർഎസ്എസ് പ്രാന്തകാര്യകർത്താക്കളുടെ ബൈഠക്കിലും വൈകിട്ട് ഗുരുവായൂർ ശ്രീകൃഷ്ണ കോളജ് ഗ്രൗണ്ടിൽ പൂർണ ഗണവേഷ സാംഘിക്കിലും പങ്കെടുക്കും. തിങ്കളാഴ്ച രാവിലെ മടങ്ങും.



ആർഎസ്എസ് പ്രാന്ത കാര്യാലയത്തിൽ എം.എ. കൃഷ്ണനൊപ്പം സർസംഘചാലക് മോഹൻ ഭാഗവത്

ആർ.ആർ. ജയറാം

മെട്രോ വാർത്ത

# മോഹൻ ഭാഗവത് ഗുരുവായൂർ ദർശനം നടത്തി

ഗുരുവായൂർ: നാലു ദിവസത്തെ കേരള സന്ദർശനത്തിനെത്തിയ ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് ഗുരുവായൂർ ക്ഷേത്ര ദർശനം നടത്തി. ഇന്നലെ പുലർച്ചെ അഞ്ചുമണിക്കാണ് അദ്ദേഹം എത്തിയത്.

ശ്രീവത്സം ഗസ്റ്റ് ഹൗസിനു മുന്നിൽ വാഹനമിറങ്ങി സഹപ്രവർത്തകർക്കൊപ്പം തെക്കേ നടപ്പാതയിലൂടെ എത്തി. കിഴക്കേ ഗോപുരനടയിൽ ദേവസ്വം അഡ്മിനിസ്ട്രേറ്റർ കെ.പി. വിനയൻ, ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ പി. മനോജ് കുമാർ എന്നിവർ ചേർന്ന് അദ്ദേഹത്തെ ക്ഷേത്രത്തിലേക്ക് സ്വാഗതം ചെയ്തു. തുടർന്ന് നാലമ്പലത്തിൽ പ്രവേശിച്ച് ഗുരുവായൂരപ്പനെ തൊഴുതു.

ഉപദേവതാ ക്ഷേത്രങ്ങൾ സന്ദർശിക്കുകയും കൂത്തമ്പലം ക്ഷേത്രം സന്ദർശിക്കുകയും ചെയ്തു. ദേവസ്വം അഡ്മിനിസ്ട്രേറ്റർ കെ.പി. വിനയൻ പ്രസാദ കിറ്റും നൽകി. ആർഎസ്എസ് അഖില ഭാരതീയ സഹ സർകാര്യവാഹ് മുകുന്ദ്, ക്ഷേത്രീയ സംഘചാലക് വന്യരാജൻ, ക്ഷേത്ര കാര്യവാഹ് രാജേന്ദ്രൻ, പ്രാന്ത സംഘചാലക് അഡ്വ. കെ.കെ. ബാലറാം, പ്രാന്ത കാര്യവാഹ് പി.എൻ. ഈശ്വരൻ, പ്രാന്ത പ്രചാരക് എസ്. സുദർശനൻ, മുതിർന്ന കാര്യകർത്താക്കളായ എസ്. സേതുമാധവൻ, എ. വിനോദ്, എന്നിവർ സർസംഘചാലകിന്റെ ഒപ്പമുണ്ടായിരുന്നു.



ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് ഇന്നലെ വെളുപ്പിനു ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനത്തിനെത്തിയപ്പോൾ.

# ആർഎസ്എസ് തലവനുമായി കൂടിക്കാഴ്ച നടത്തി ഗവർണർ

**മനോരമ ലേഖകൻ**

തൃശൂർ ● ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആർഎസ്എസ് സർസംഘചാലക് മോഹൻ ഭാഗവതുമായി കൂടിക്കാഴ്ച നടത്തി. അവിണിശേരിയിലുള്ള ആർഎസ്എസ് നേതാവ് ടി.വി.മണികണ്ഠന്റെ വീട്ടിലാണ് മോഹൻ ഭാഗവതിനെ സന്ദർശിച്ചത്. രണ്ടു ദിവസമായി തൃശൂരിലുള്ള മോഹൻ ഭാഗവത് കഴിഞ്ഞ ദിവസം രാത്രിയിലും ഈ വീട്ടിലായിരുന്നു വിശ്രമം.

ആർഎസ്എസിന്റെ തിരഞ്ഞെടുക്കപ്പെട്ട മുതിർന്ന നേതാക്കൾ മാത്രമാണ് കൂടിക്കാഴ്ചയുടെ സമയം അകത്ത് ഉണ്ടായിരുന്നത്. രാത്രി 8.07ന് ഇവിടെ എത്തിയ ഗവർണർ 8.35ന് മടങ്ങി.

മാധ്യമ പ്രവർത്തകരെ അകത്തേക്കു പ്രവേശിപ്പിച്ചില്ല. മാധ്യമങ്ങളോട് പ്രതികരിച്ചില്ല. കൂടിക്കാഴ്ചയെക്കുറിച്ച് വിശദീകരിക്കാൻ ആർഎസ്എസ് നേതൃത്വം തയാറായില്ല.

മനോരമ18.09.2022

കേരളകൗമുദി
Epaper
18 Sep 2022

## മോഹൻ ഭാഗവതുമായി ഗവർണറുടെ കൂടിക്കാഴ്ച

തൃശ്ശൂർ : സർവകലാശാല നിയമ ഭേദഗതിയിൽ സർക്കാരുമായി പോരിനിറങ്ങിയ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആർ.എസ്.എസ് സർ സംഘചാലക് മോഹൻ ഭാഗവതുമായി ഇന്നലെ രാത്രി കൂടിക്കാഴ്ച നടത്തി. ചർച്ച പതിനഞ്ച് മിനിറ്റ് നീണ്ടു. ഒല്ലൂർ ആനക്കല്ലിൽ ആർ.എസ്.എസ് തൃശ്ശൂർ മഹാനഗർ സഹകാര്യവാഹ് മണികണ്ഠന്റെ വസതിയിൽ എട്ടുമണിയോടെ ആയിരുന്നു കൂടിക്കാഴ്ച. രണ്ട്ദിവസമായിതൃശ്ശൂരിലുള്ള മോഹൻ ഭാഗവത് രാത്രി വിശ്രമത്തിന് ആർ.എസ്.എസ് നേതാവിന്റെ വീട്ടിലെത്തിയപ്പോഴാണ്ഗവർണർ അവിടെയെത്തിയത്. ചർച്ചയിൽരാഷ്ട്രീയം ഉണ്ടായില്ലെന്നാണ്ഉന്നത ആർ.എസ്.എസ് നേതാക്കൾ പറയുന്നത്. സ്വകാര്യ പരിപാടിക്കാണ് ഗവർണർ തൃശ്ശൂരിലെത്തിയത്. കണ്ണൂർ സർവകലാശാലയിലെയും മറ്റുംബന്ധുനിയമനവുമായി ബന്ധപ്പെട്ട പരാമർശത്തെ തുടർന്ന് മുഖ്യമന്ത്രി ഗവർണറെ കടുത്ത ഭാഷയിൽ വിമർശിച്ചിരുന്നു. ഇതിന് ഗവർണർ മറുപടിയും പറഞ്ഞിരുന്നു. പിന്നാലെയാണ് കൂടിക്കാഴ്ച.

A KAUMUDI EPAPER
Kerala Kaumudi - Epaper

മെട്രോ വാർത്ത

## കേരളത്തിൽ പ്രവർത്തനം ഇരട്ടിയാക്കാൻ ആർഎസ്എസ്



മെട്രോ വാർത്ത

## മോഹൻ ഭാഗവതിനെ കാണാൻ ഗവർണറെത്തി

തൃശൂർ ■ ഗവർണർ ആരിഫ് മുഹമ്മദ് ഖാനും ആർഎസ്എസ് സർ സംഘ് ചാലക് ഡോ. മോഹൻ ഭാഗവതും കൂടിക്കാഴ്ച നടത്തി. അവിണിശേരി ആനക്കല്ലിൽ ആർഎസ്എസ് തൃശൂർ മഹാനഗർ കാര്യവാഹക് മണികണ്ഠന്റെവീട്ടിലായിരുന്നു കൂടിക്കാഴ്ച. സ്പെഷൽ ബ്രാഞ്ചിനു പോലും വിവരം ലഭിക്കാത്ത മുന്നറിയിപ്പില്ലാത്ത കൂടിക്കാഴ്ചയായിരുന്നെങ്കിലും മുൻകൂട്ടി തിരുമാനിച്ചതായിരുന്നു.

രാത്രി 7.45ഓടെ എത്തിയ ഗവർണർ 8.15ഓടെ മടങ്ങി. വാർഷിക സന്ദർശനത്തിന്റെ ഭാഗമായി രണ്ടുദിവസമായി മോഹൻ ഭാഗവത് തൃശൂരിലുണ്ട്. ഇഎൻടി ഡോക്ടർമാരുടെ ദേശീയ സമ്മേളനത്തിൽ പങ്കെടുത്ത് ഗസ്റ്റ്ഹൗസിൽ വിശ്രമിച്ചശേഷമാണ് ഗവർണർ എത്തിയത്. ആർഎസ്എസ് സംസ്ഥാന ഭാരവാഹികളും അവിടെയുണ്ടായിരുന്നു.

മുഖ്യമന്ത്രിയും ഗവർണറും നേരിട്ടു പല വിഷയങ്ങളിലും കൊമ്പുകോർത്തിരിക്കുന്നതിനിടെയാണ് ആർഎസ്എസ് മേധാവിയുമായി ഗവർണർ സ്വകാര്യ വസതിയിൽ കൂടിക്കാഴ്ച നടത്തിയത് എന്നതാണു ശ്രദ്ധേയം.

Ernakulam Edition
Sep 18, 2022 Page No. 1
Powered by : eReleGo.com

കേരളകൗമുദി
SINCE 1911
Epaper
18 Sep 2022

# മോഹൻ ഭാഗവത് ബ്രഹ്മസ്വം മഠം സന്ദർശിച്ചു



തൃശ്ശൂർ: ഭാരതത്തിന്റെ ശാശ്വതമായ വിജ്ഞാനനിധി സംരക്ഷണത്തിനായി സമൂഹത്തിന്റെ സഹകരണം അനിവാര്യമാണെന്ന് ആർ.എസ്.എസ് സർസംഘചാലക് മോഹൻ ഭാഗവത് അഭിപ്രായപ്പെട്ടു. വടക്കേമഠം, തെക്കേ മഠം, നടുവിൽ മഠം എന്നിവ സന്ദർശിക്കുകയായിരുന്നു അദ്ദേഹം. അദ്ദേഹത്തെ പൂർണകുംഭം നൽകി സ്വീകരിച്ചു. തെക്കേ മഠം മൂപ്പിൽ സ്വാമിയാർ വാസുദേവാനന്ദ ബ്രഹ്മാനന്ദ ഭൂതി, ഇളമുറ സ്വാമിയാർ നരസിംഹാനന്ദ ബ്രഹ്മാനന്ദഭൂതി, നടുവിൽ മഠം മൂപ്പിൽ സ്വാമിയാർ, നീലകണ്ഠ ഭാരതികൾ, അഡ്വ.പി.പരമേശ്വരൻ, നേതാക്കളായ പി.എൻ.ഈശ്വരൻ എന്നിവർ സന്നിഹിതരായി.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper

www.janmabhumi.in

## പുസ്തകങ്ങൾ പ്രകാശനം ചെയ്തു

ഗുരുവായൂർ: മാനേജ്മെന്റ് ഗുരു ഐഐഎം കോഴിക്കോട് ഡയറക്ടർ ഡോ. ദേബാശിഷ് ചാറ്റർജിയുടെ കൃഷ്ണ ദി സെവൻത് സെൻസ്, ആയുർവേദ വിദഗ്ധൻ ഡോ. പി.കെ. ധർമ്മ പാലൻ രചിച്ച പ്രായോഗിക ഗ്രന്ഥ ഇൻ ക്ലിനിക്കൽ മെതേഡ്സ് ഇൻ ആയുർവേദ എന്നി പുസ്തകങ്ങളുടെ പ്രകാശനം ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് നിർവഹിച്ചു.

ഗുരുവായൂർ തായേയം ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ക്ഷേത്രീയ സംഘചാലക് ഡോ. എ.ആർ. വന്നിയരാജൻ, പ്രാന്ത സംഘചാലക് അഡ്വ. കെ.കെ. ബാലറാം എന്നിവർ പുസ്തകങ്ങൾ ഏറ്റുവാങ്ങി. പ്രാന്തപ്രചാർ പ്രമുഖ് എം. ബാലകൃഷ്ണൻ പുസ്തകങ്ങൾ പരിചയപ്പെടുത്തി.



ഡോ. ദേബാശിഷ് ചാറ്റർജിയുടെ കൃഷ്ണ ദി സെവൻത് സെൻസ്, ആയുർവേദ വിദഗ്ധൻ ഡോ. പി.കെ. ധർമ്മ പാലൻ രചിച്ച പ്രായോഗിക ഗ്രന്ഥ ഇൻ ക്ലിനിക്കൽ മെതേഡ്സ് ഇൻ ആയുർവേദ എന്നി പുസ്തകങ്ങളുടെ പ്രകാശനം ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് നിർവഹിക്കുന്നു



ആർഎസ്എസ് സർസംഘചാലക് മോഹൻ ഭാഗവത് ഗുരുവായൂർ ക്ഷേത്രം സ്വർണകൊടിമരത്തിനരികിലെ വലിയ ബലിക്കല്ലിനടുത്ത് നിന്ന് ഗുരുവായൂരപ്പനെ വണങ്ങുന്നു



# ഹിന്ദുത്വം ഗുണസമ്പത്തിന്റെ പേര്: ഡോ. മോഹൻ ഭാഗവത്

**കേരളകൗമുദി**



മോഹൻ ഭാഗവത് ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തുന്നു

## ഹിന്ദുത്വം ദൈവിക ഗുണസമ്പന്നതയുടെ പേര്: മോഹൻ ഭാഗവത്

ഗുരുവായൂർ : ഹിന്ദുത്വം ദൈവിക ഗുണസമ്പത്തിന്റെ പേരാണെന്ന് ആർ.എസ്.എസ് സർസംഘചാലക് ഡോ.മോഹൻ ഭാഗവത് പറഞ്ഞു. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് ഗ്രൗണ്ടിൽ ചേർന്ന ആർ.എസ്.എസ് ഗുരുവായൂർ സംഘ ജില്ലാ ഗണവേഷ സാംഘിക്കിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹിന്ദുത്വം ഏതെങ്കിലും വംശത്തിന്റെയോ സമ്പ്രദായത്തിന്റെയോ ഭാഷയുടെയോ പ്രദേശത്തിന്റെയോ പേരല്ല. എല്ലാം ഉൾക്കൊള്ളുന്ന ദർശനമാണ്.

അടുത്ത രണ്ട് പതിറ്റാണ്ടിനുള്ളിൽ ഭാരതം പരമ വൈഭവശാലിയാകും. ആർ.എസ്.എസിനെ കുറിച്ച് അനുഭവിച്ചറിയണം. സംഘത്തെ എതിർക്കുന്നവർപോലും സംഘത്തെ അനുകരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ആർ.എസ്.എസ് നേതാക്കളായ ഡോ. എ.ആർ.വന്നിയരാജൻ, അഡ്വ.കെ.കെ.ബാലറാം, കെ.എസ്.പദ്മനാഭൻ, റിട്ട.കേണൽ വി.വേണുഗോപാൽ, കെ.ബി.ശ്രീകുമാർ എന്നിവർ സന്നിഹിതരായി. രാവിലെ ആർ.എസ്.എസ് സംസ്ഥാന കാര്യകർത്താക്കളുടെ യോഗവും നടന്നു.

### ഗുരുവായൂർ ക്ഷേത്രത്തിൽ ദർശനം നടത്തി

മോഹൻ ഭാഗവത് ഗുരുവായൂർ ക്ഷേത്രദർശനം നടത്തി. രാവിലെ അഞ്ചോടെയായിരുന്നു ക്ഷേത്ര ദർശനം. ക്ഷേത്രസോപാനത്ത് കാണിക്കസമർപ്പിച്ചശേഷം ഉപദേവന്മാരെയും തൊഴുത അദ്ദേഹം 20 മിനിറ്റിൽ ദർശനം പൂർത്തിയാക്കി മടങ്ങി. ആർ.എസ്.എസ് മേധാവിയെ ദേവസ്വം അഡ്മിനിസ്ട്രേറ്റർ കെ.പി.വിനയൻ, ഡെപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ പി.മനോജ്കുമാർ എന്നിവർ ചേർന്ന് സ്വീകരിച്ചു.

KERALA KAUMUDI EPAPER
Clipping Kerala Kaumudi - Epaper



## കർണാടകയിൽ ഹിന്ദുത്വ അജണ്ട വ്യാപിപ്പിക്കുന്നു: പിണറായി

## കേരളത്തിൽ സംഘ പ്രവർത്തനത്തിൽ വൻ മുന്നേറ്റം: മോഹൻ ഭാഗവത്



നാലു ദിവസത്തെ കേരള സന്ദർശനത്തിന് എത്തിയ ആർഎസ്എസ് സർസംഘചാലക് ഡോ. മോഹൻ ഭാഗവത് മുൻ പ്രാന്ത സംഘചാലക് പി.ഇ.ബി. മേനോനെ മകൻ വിഷ്ണു ബി. മേനോന്റെ കടുങ്ങല്ലൂരിലെ വീട്ടിൽ സന്ദർശിച്ചപ്പോൾ

# കേരളത്തിൽ ആർ.എസ്.എസ്. പ്രവർത്തനത്തിൽ വലിയ മുന്നേറ്റം -മോഹൻ ഭാഗവത്

ഗുരുവായൂർ ▸ കേരളത്തിലെ സംഘപ്രവർത്തനത്തിൽ വലിയ മുന്നേറ്റമുണ്ടായതായി ആർ.എസ്.എസ്. സർസംഘചാലക് മോഹൻ ഭാഗവത് പറഞ്ഞു. ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് ഗ്രൗണ്ടിൽ ചേർന്ന ആർ.എസ്.എസ്. ഗുരുവായൂർ സംഘജില്ലാ ഗണവേഷ് സാംഘിക്കിൽ സംസാരിക്കയായിരുന്നു അദ്ദേഹം.

എതിർക്കുന്നവർപോലും ആർ.എസ്.എസിനെ അനുകരിക്കാൻ ശ്രമിക്കുകയാണ്. ആർ.എസ്.എസിന് പ്രവർത്തനം പരിപാടിയല്ല, തപസ്യയാണ്. സമൂഹത്തെ ശക്തിപ്പെടുത്തുകയെന്നതാണ് സംഘപ്രവർത്തനത്തിന്റെ ലക്ഷ്യം. യഥാർഥശക്തിയെന്നത് ഗുണ്ടായിസമോ തീവ്രവാദമോ അല്ല. അത് ഗുണപരവും സമൂഹത്തിന് നന്മചെയ്യുന്നതുമാകണം.

ഹിന്ദുത്വം ഇത്തരം ദൈവികഗുണസമ്പത്തിന്റെ പേരാണ്. അത് ഏതെങ്കിലും വംശത്തിന്റെയോ ജാതിയുടെയോ സമ്പ്രദായത്തിന്റെയോ ഭാഷയുടെയോ പ്രദേശത്തിന്റെയോ പേരല്ല, എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന ദർശനമാണ് -അദ്ദേഹം പറഞ്ഞു.

ആർ.എസ്.എസ്. ദക്ഷിണക്ഷേത്രീയ സംഘചാലക് എ.ആർ. വന്നിരാജൻ, പ്രാന്തസംഘചാലക് അഡ്വ. കെ.കെ. ബാലറാം, തൃശ്ശൂർ വിഭാഗ് സംഘചാലക് കെ.എസ്. പദ്മനാഭൻ, ഗുരുവായൂർ ജില്ലാ സംഘചാലക് റിട്ട. കേണൽ വി. വേണുഗോപാൽ, പ്രാന്തസമ്പർക്കപ്രമുഖ് കെ.ബി. ശ്രീകുമാർ എന്നിവർ പങ്കെടുത്തു.